നമ്പർ 336/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
നമ്മുടെ കർത്താവിന്റെ അരുമശിഷ്യനും ഭാരതത്തിന്റെ അപ്പോസ്തലനുമായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെ നാമധേയത്തിൽ എ. ഡി. 63 ൽ സ്ഥാപിതമായ **തിരുവിതാംകോട് അരപ്പള്ളി** എന്നറിയപ്പെടുന്ന തിരുവിതാംകോട് സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്നതിൽ നാം അതിയായി സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അമൂല്യ നിധിയായി കേരളത്തിനു പുറത്ത് നിലകൊള്ളുന്ന ഈ ദേവാലയം അപ്പോസ്തലിക വിശ്വാസത്തിന്റെ കോട്ടയായി പരിശുദ്ധ സഭയെ ജീവനുതുല്യം സ്നേഹിക്കുകയും അതിന്റെ ഔന്നത്യത്തിനു വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്നു എന്നുള്ളത് ഉച്ചൈസ്തരം പ്രസ്താവിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു.

വാത്സല്യമുള്ളവരെ, തിരുവിതാംകോടുനിന്നും മദ്ധ്യതിരുവിതാംകൂറിലേക്കുള്ള നമ്മുടെ ആളുകളുടെ കുടിയേറ്റം മൂലം കുറെക്കാലത്തേയ്ക്ക് വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ ഈ ദേവാലയം നിലനിന്നു പോന്നത് നമ്മുടെ ആളുകളുടെ പ്രാർത്ഥനയാലും സർവ്വോപരി പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായിലൂടെ ലഭിച്ച ദൈവാനുഗ്രഹത്താലുമാണ് എന്നുള്ള വസ്തുത നന്ദിപൂർവ്വം ഇത്തരുണത്തിൽ നാം സ്മരിക്കുന്നു. തമിഴ് സംസാരിക്കുന്ന നാട്ടുകാർ "തോമയാർകോവിൽ " എന്ന് സ്നേഹപൂർവ്വം വിളിക്കുന്ന ഈ പള്ളി മലങ്കര സഭയ്ക്ക് എന്നും ഒരഭിമാനമായി വിളങ്ങണം എന്നത് നമ്മുടെ പ്രാർത്ഥനയും ആഗ്രഹവുമാണ്. വിശുദ്ധ മാർത്തോമ്മാ ശ്ലീഹാ പായ്വഞ്ചിയിൽ വന്നിറങ്ങിയ കടവിന് സമീപം "തോമാക്കല്ല് " എന്ന് നാട്ടുകാർ ആദരപൂർവ്വം പറയുന്ന അടയാളക്കല്ല് ഈ ദേവാലയത്തിന്റെ പൗരാണികതയും പ്രാധാന്യവും പ്രസ്പഷ്ടമാക്കുന്നതാണല്ലോ.

ആകയാൽ വാത്സല്യ മക്കളെ, വിശുദ്ധ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചിട്ടുള്ള ദേവാലയങ്ങളിൽ ഒന്നായി മലങ്കര സഭയുടെ പൈതൃക സ്വത്തായി നിലകൊള്ളുന്ന തിരുവിതാംകോട് സെന്റ് മേരീസ് ദേവാലയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അർഹമായ ഒരു അംഗീകാരം ഇടവകയ്ക്ക് കൽപിച്ചു നൽകുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. പുണ്യപുരാതനമായ ആ ദേവാലയത്തെ ഒരു രാജ്യാന്തര തീർത്ഥാടന കേന്ദ്രമെന്ന നിലയിലേക്കുയർത്തുന്നത് ഉചിതമായിരിക്കുമെന്ന് ദൈവാത്മാവിൽ നമുക്ക് ബോധ്യമായി. ആയതിനാൽ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് സെന്റ് മേരീസ് പള്ളിയെ ഒരു രാജ്യാന്തര തീർത്ഥാടന കേന്ദമായി ഈ കൽപനയിലൂടെ നാം പ്രഖ്യാപിക്കുന്നു. ഈ തീർഥാടനകേന്ദ്രം മേലിൽ **തിരുവിതാംകോട് സെന്റ് തോമസ് രാജ്യാന്തരതീർത്ഥാടന കേന്ദ്രം** എന്ന പേരിൽ അറിയപ്പെടുന്നതാണ്.

(മറുപുറം)

നാനാജാതി മതസ്ഥരായ അനേകം ആളുകൾക്ക് ആശ്വാസം അരുളുന്ന മഹാതീർത്ഥാടനകേന്ദ്രമായി തിരുവിതാംകോട് പള്ളി ഇനിമേൽ ശോഭിക്കട്ടെ. വിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ തോമാശ്ലീഹായുടെയും സജീവ സാന്നിധ്യം ഈ പുണ്യഭൂമിയിൽ നിറഞ്ഞു നിൽക്കുമാറാകട്ടെ.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.

2007 ഡിസംബർ മാസം 8 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.